# ആസ്ഥാന കാര്യാലയം ജയിൽ വകുപ്പ്, കേരളം
# ,പൂജപ്പുര, തിരുവനന്തപുരം-12

## <u>നടപടികൾ</u>

വിഷയം : ജയിലുകൾ - ആസ്ഥാനകാര്യാലയം - ജീവനക്കാര്യം - 15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം – ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ. എ. സെൽ രൂപീകരിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം : 26.09.2024 തീയതിയിലെ പി.എസ്./252/2024-ആഭ്യന്തരം നമ്പർ സർക്കാർ കത്ത്.

<u>ഉത്തരവ് നമ്പർ. E1-29284/2024/PrHQ; തീയതി : 30-09-2024</u>

15-ാം കേരള നിയമസഭയുടെ 12-ാം സമ്മേളനം 04.10.2024ന് ആരംഭിക്കുന്നു. ജയിൽ വകുപ്പിൽ നിന്നും നിയമസഭാ ചോദ്യങ്ങൾക്കുള്ള മറുപടി സമയബന്ധിതമായി നൽകുന്നതിനായി ചീഫ് വെൽഫെയർ ഓഫീസർ, ശ്രീമതി. ലക്ഷ്മി കെ.യുടെ മേൽനോട്ടത്തിൽ ചുവടെ ചേർക്കുന്ന ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തിക്കൊണ്ട് ജയിൽ ആസ്ഥാനകാര്യാലയത്തിൽ എൽ.എ. സെൽ രൂപീകരിച്ച് ഉത്തരവാകുന്നു.

1. ശ്രീമതി. രമാദേവി എൻ., സീനിയർ ഫിനാൻസ് ഓഫീസർ
2. ശ്രീ. ഷിബു ആർ., സീനിയർ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ
3. ശ്രീമതി. ജിഷ എസ്.വി., പ്രോഗ്രാം ഓഫീസർ
4. ശ്രീ. വി. ശ്രീകുമാർ, ചീഫ് ഓഡിറ്റ് ഓഫീസർ
5. ശ്രീമതി. പ്രീത വി.എസ്., പി.എ ടു ഡിജിപി & സി.എസ്.
6. ശ്രീമതി. കൃഷ്ണജ കെ., അക്കൗണ്ട്സ് ഓഫീസർ
7. ശ്രീ. രാജീവ് എസ്., സീനിയർ സൂപ്രണ്ട്, അക്കൗണ്ട്സ് സെക്ഷൻ
8. ശ്രീ. ചന്ദ്രദാസ് കെ., സീനിയർ സൂപ്രണ്ട്, എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ
9. ശ്രീമതി. സുമ സി., സീനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ വിംഗ്
10. ശ്രീ. ശ്രീകുമാർ എസ്., ജൂനിയർ സൂപ്രണ്ട്, ജനറൽ സെക്ഷൻ.
11. ശ്രീ. രാഹൽ എസ്., ജൂനിയർ സൂപ്രണ്ട്, പ്ലാനിംഗ് സെക്ഷൻ
12. ശ്രീ. കൃഷ്ണകുമാർ എസ്., ജൂനിയർ സൂപ്രണ്ട്, ഇൻസ്പെക്ഷൻ വിംഗ്
13. ശ്രീ. പ്രമോദ് കുമാർ കെ., ഫെയർകോപ്പി സൂപ്രണ്ട്

എല്ലാ ജീവനക്കാരും എല്ലാ ദിവസവും വൈകുന്നേരം 6 മണിവരെ ഓഫീസിൽ തുടരേണ്ടതാണ്. പ്രവർത്തി ദിവസങ്ങളിലും ഒഴിവുദിവസങ്ങളിലും വൈകുന്നേരം 6 മണി വരെ 1 ക്ലർക്ക്, 1 ടൈപ്പിസ്റ്റ്, 1 ഡ്രൈവർ മെസഞ്ചർ, 1 ഓഫീസ് അറ്റൻഡന്റ് എന്നിവർ ജോലിയിൽ തുടരേണ്ടതാണ്.

1. അക്കൗണ്ട്സ് സെക്ഷൻ - 04.10.2024 മുതൽ 06.10.2024 വരെ

2. എസ്റ്റാബ്ലിഷ്മെന്റ് സെക്ഷൻ - 07.10.2024 മുതൽ 09.10.2024 വരെ
3. ജനറൽ സെക്ഷൻ - 10.10.2024 മുതൽ 12.10.2024 വരെ
4. ഇൻസ്പെക്ഷൻ സെക്ഷൻ - 13.10.2024 മുതൽ 15.10.2024 വരെ
5. പ്ലാനിംഗ് സെക്ഷൻ - 16.10.2024 മുതൽ 18.10.2024 വരെ

അതാത് സെക്ഷനുകളിലെ സൂപ്രണ്ടുമാർ ഡ്യൂട്ടി നോക്കുന്ന ക്ലർക്കിന്റെ പേര് പി.എ. ടു ഡിജിപി & സി.എസ്.ന് നൽകേണ്ടതാണ്. ഫെയർകോപ്പി സൂപ്രണ്ട് എൽ.എ. ഡ്യൂട്ടി നോക്കുന്ന ടൈപ്പിസ്റ്റ്, ഡ്രൈവർ, ഓഫീസ് അറ്റൻഡന്റ് എന്നിവരുടെ പേരുവിവരങ്ങൾ നൽകേണ്ടതാണ്. നിയമസഭാ സമ്മേളന കാലാവധിയിൽ അടിയന്തിര സാഹചര്യങ്ങളിലല്ലാതെ അവധി അനുവദിക്കുന്നതല്ല. മേലധികാരിയുടെ മുൻകൂട്ടിയുള്ള അനുമതിയും, ജോലിക്രമീകരണവും നടത്തിയശേഷം മാത്രമേ ലീവ് അനുവദിക്കുകയുള്ളൂ.

ജയിൽ ആസ്ഥാനകാര്യാലയത്തിൽ നിന്നും അയയ്ക്കുന്ന നിയമസഭാ ചോദ്യങ്ങളും, ജയിൽ സ്ഥാപനങ്ങളിൽ നിന്നും ലഭ്യമാകുന്ന മറുപടിയും സമയബന്ധിതമായി ശേഖരിച്ച് ബന്ധപ്പെട്ട സെക്ഷനുകളിൽ ഏല്പിക്കുന്നതിന് സ്റ്റേറ്റ് പ്രിസൺ കൺട്രോൾ റൂമിനെ ചുമതലപ്പെടുത്തുന്നു.

ബൽറാം കുമാർ ഉപാദ്ധ്യായ ഐപിഎസ്
ഡയറക്ടർ ജനറൽ ഓഫ് പ്രിസൺസ് &
കറക്ഷണൽ സർവീസസ്

സ്വീകർത്താവ്: ജയിൽ ആസ്ഥാനകാര്യാലയത്തിലെ എല്ലാ ഓഫീസർമാർക്കും ജീവനക്കാർക്കും.

പകർപ്പ് : കൺട്രോൾ റൂം/ ഒസി